


# സപര്യ

## Digital Magazine



# ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ വെഞ്ഞാറമൂട്

# ആമുഖം

വിൽക്കപ്പെടുന്ന സാങ്കേതിക വിദ്യാഭ്യാസം

വിലപേശുമ്പോൾ പിന്തിരിയേണ്ടി വരില്ലെന്ന്

വർത്തമാനകാലം സാക്ഷ്യപ്പെടുത്തുന്നു..

തൊഴിലും വിദ്യാഭ്യാസവും ചിലരിൽ നിന്നും

പലരിൽ എത്തുന്നു .

അനുസരിക്കാൻ മാത്രം

വിധിക്കപ്പെട്ടവന്റെ പിന്ഗാമികളുടെ സർഗ്ഗവസന്തം...

ഓർമകളെ മൗനത്തെ ചിന്തേരിട്ടു ചന്തം

ചാർത്തി..........സഹർഷം.......സാദിമാനം.....

# താളുകൾ മറിക്കുമ്പോൾ


ആസിഫക്കായി ഒരു കണ്ണീർകവിത ........................മൈഥിലി 4

ഉദ്ധരണികൾ അരുണിമ 5

ഉറൂബ് ജീവിതരേഖ അഭിഷേക് 6

കൃഷി അബിൻ 8

പതിമൂന്ന് നിധിൻ 9

ബ്ലൂ വെയിൽ ആദിത് 12

കൂട്ടിലിട്ട തത്ത അമൽ 13

അസ്തമയ സൂര്യൻ ആകാശ് 15

പഴംചൊല്ലുകൾ അഭിജിത് 17

ജാലകം തുറക്കുമ്പോൾ ഹസ്ബിൻ 18

സെൽഫി മജേഷ് 19

ഹൃദയപൂർവം ആദർശ് 20

മലയാള ചെറുകഥ അലൻ 22

ഗുരു ദക്ഷിണ രാഹുൽ 28

മഴ നനഞ്ഞൊരെൻ ബാല്യം ദേവനന്ദൻ 29

# ആസിഫാക്കായി ഒരു കണ്ണീർ കവിത

നാടോടി കുതിരകൾ മേയും താഴ്‌വാര
തൊരു പെൺകുട്ടി
നാവിൽ ചെറു പാട്ടുകൾ പാടി പാറി
നടന്നൊരു  പൂമ്പാറ്റ
ഈ കാശ്മീർ കുളിർ ഭൂമി മഞ്ഞു പുതക്കും
നേരത്തു
അമ്മക്കൊപ്പം തീ  കാഞ്ഞവൾ
കഥകൾ കേട്ട് മയങ്ങീടും
ഓരോ പുലരിയിലും അവളിൽ പുതുമകൾ
ഏകിയ നാളുകളിൽ
പൂക്കൾ മഞ്ഞിനെ മുത്തം നൽകി
പുൽ കണ     കൗതുകവും
തേൻ നുകരാൻ എത്തുന്ന തുമ്പികൾ
അവളുടെ കൂട്ടാളി
കല്ലിൽ തട്ടി ചിരിച്ചു ചിതറി ഒഴുകി
പോകണ കാട്ടരുവി
നിന്നെ തൊട്ടു തലോടാൻ അവളുടെ
കുഞ്ഞി കൈകൾ കൊതിക്കുമ്പോൾ
പുല്ലുകൾ  മേയാണ പെയ്യുകളെ
കുടമാണി കെട്ടിയ കുഞ്ഞാടെ
കണ്ടോ എന്നുടെ കുഞ്ഞിനെ
കട്ട് കവർന്നു കടന്നയ്യോ
ഈ ഭാരത ഭൂമിയിൽ അതിരുകൾ
തീർക്കുന്ന മാനവരെ
ക്രൂരത കാട്ടി പിച്ചി ചീന്തി കൊന്നു -
കളഞ്ഞ ബാല്യത്തെ



## സപര്യ

ദൈവത്തിന് തിരു നടയിൽ
വേദന ഒരു നിലവിളിയായി
കുഞ്ഞിന് പ്രാണൻ കൊത്തി
വിഴുങ്ങും കഴുകാൻ മാർക്ക് എതിരായി
ഇല്ലല്ലോ പാരിലുണർന്നൊരു
ദൈവം പോലും അവർ മുന്നിൽ

മൈഥിലി. എ . എസ്

## ഉദ്ധരണികൾ

*സിംഹം മനുഷ്യനോളം അക്രമിയല്ല ,*
*കാരണം അതിനു മതമോ രാഷ്ട്രീയമോ*
*ജാതിയോ ഗ്രൂപ്പോ ഇല്ലല്ലോ.*

ജോർജ് ബെർണാഡ്ഷാ

*യുദ്ധത്തിന് വെടിമരുന്നു ചെയ്യുന്ന*
*സഹായമാണ് മനസിന് അച്ചടി*

വെൽടൺ ഫിലിപ്സ്

*പ്രസംഗത്തിന്റെ ശത്രുവും*
*യുക്തിയുടെ മിത്രവും ആണ്*
*അച്ചടിശാലകൾ*

കോൾട്ടൻ

## സപര്യ

*ഉള്ളതുകൊണ്ട് ജീവിക്കാൻ*
*അറിയാത്തവൻ എന്നും അടിമ ആയിരിക്കും*

ഹോറസ്

*അടുക്കളയിൽ ഒന്നും ഇല്ലാത്തവന്റെ*
*അടുത്ത് എത്തുന്ന ഏക അതിഥി*
*അനാരോഗ്യമാണ്*

ജെറാൾഡ്

*നിങ്ങളുടെ കൈകൾക്കും കണ്ണുകൾക്കും*
*നൽകുന്നതിലും കൂടുതൽ അവധി ദിവസങ്ങൾ*
*നിങ്ങളുടെ നാക്കിനു നൽകണം*

ലെസായി

സമ്പാദക : അരുണിമ എ .എസ്

# ഉറൂബ് -ജീവിത രേഖ

പൊന്നാനിക്കടുത്തുള്ള പള്ളിപ്രം ഗ്രാമത്തിലെ ചാലപ്പുറത്തു വീട്ടിൽ 1915 ജൂൺ എട്ടിന് ജനിച്ചു. യഥാർത്ഥ പേര് പി. സി കുട്ടികൃഷ്ണൻ .അച്ഛൻ കരുണാകരമേനോൻ .'അമ്മ പാറുക്കുട്ടിയമ്മ . ചെറുപ്പത്തിൽ സംസ്കൃതം പഠിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൊന്നാനിയിൽ ആയിരുന്നു. വീണ്ടും കുറേക്കാലം സംസ്കൃതം പഠിച്ചു.ഇക്കാലത്തു വേദാന്തത്തിലും താല്പര്യം ഉണ്ടായി. വൈകാതെ നാട് വിട്ടു. ആറു വർഷത്തോളം പല സ്ഥലങ്ങളിലും സഞ്ചരിച്ചു. പല ജോലികളും ചെയ്തു.

കവിയായി സാഹിത്യരംഗത്തു പ്രവേശിച്ച പി.സി.കഥയിലേക്ക് തിരിയുകയും മാരാരുടെ നിർദേശ പ്രകാരം കഥ സാഹിത്യത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു.

**കവിത സമാഹാരം** .*പിറന്നാൾ,*

*നാടകം.മണ്ണും പെണ്ണും ,തീ കൊണ്ട് കളിക്കരുത്*



**ചെറു കഥകൾ** .*തേന്തുള്ളികൾ, കതിർ കറ്റ, നീർച്ചാലുകൾ, നീലമല, വെളുത്തകുട്ടി, മുഖംമൂടികൾ, നീലവെളിച്ചം, ഗോപാലന്നായരുടെ താടി, തുറന്നിട്ട ജാലകം, മഞ്ഞിൻമലയിലെ സൂര്യൻ, രാച്ചിയമ്മ.*

**നോവൽ:** *ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും ,അണിയറ, മിണ്ടാപ്പെണ്ണ്,ആമിന, അമ്മിണി, ചുഴിക്ക് പിൻപേ ചുഴി*

**ബാലസാഹിത്യകൃതികൾ** :*മല്ലനും മരണവും , അപ്പുവിന്റെ ലോകം*

*,അങ്കവീരൻ*

ആദ്യമായി ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡ് നേടിയ മലയാള ചലച്ചിത്രമായ നീലക്കുയിലിന്റെ തിരക്കഥ എഴുതിയത് ഉറൂബ് ആയിരുന്നു.

1978 ൽ കേരളം സാഹിത്യ അക്കാദമി അധ്യക്ഷൻ ആയി. 1979 ൽ അന്തരിച്ചു.

അരുണിമ എ .എസ്

# കൃഷി

പല തൊഴിലികൾ അന്വേഷിച്ചു അനാവശ്യമായി അലഞ്ഞ ലോകം ഒടുവിൽ കലപ്പയായിലേക്ക് തന്നെ പിന്തിരിഞ്ഞു .കൃഷീവലന്മാർ ലോകത്തിന്റെ നട്ടെല്ലുകളാണ് എന്തെന്നാൽ മറ്റുള്ളവരുടെ ജീവൻ അവരെ ആശ്രയിച്ചിരിക്കുന്നു

കൃഷീവലന്മാർ മാത്രം ജീവിക്കുന്നു. മറ്റുള്ളവർ അവരുടെ മണ്ണിനെ ഉപജീവിക്കുന്നു. വേല ചെയ്യുന്ന കൃഷീവലന്മാർ യാചിക്കുന്നില്ല്ല അവൻ കൊടുക്കുകയാണ് ചെയ്യുന്നത്

അവ കൈയും കെട്ടിയിരുന്നത് സന്ന്യാസി സംന്യാസം ഉപേക്ഷിക്കും.

# സപര്യ



ഉടമസ്ഥൻ ഉപേക്ഷിച്ച ഭൂമി ഭർത്താവിനാൽ അനാദൃതയായ പത്നിയെ പോലെ കോപ്പയായി കിടക്കുന്നു. ദാരിദ്ര്യത്തേക്കാൾ വലിയ പാപമില്ലാ ദാരിദ്ര്യം പറയുന്നവരെ നോക്കി ഭൂമി പുശ്ചസ്വരത്തിൽ ചിരിക്കുന്നു.ദാരിദ്ര്യം സകല ദോഷങ്ങളെയും ഉത്പാദിപ്പിക്കുന്നു.

അബിൻ

# പതിമൂന്നു

ഉപ്പാടെ താടിയുള്ള വിളി അത്ര ഇഷ്ട്ടപ്പെട്ടില്ലെങ്കിലും ഉറക്കത്തിന്റെ ആലസ്യത്തിൽ നിന്നും എഴുന്നേറ്റു.ബാത്റൂമിൽ കയറി ബ്രഷ് എടുത്തു.പക്ഷെ പല്ല് തെക്കുവൻ ഭയങ്കര മടി. എന്നാലും ആ പണിയും കഴിച്ചു. നേരെ ചൂല് എടുത്തു ഉമ്മറത്തേക്ക് നടന്നു. ഇന്നലെ കറണ്ടില്ലാതിരുന്നത് കൊണ്ട് പ്രാണികളുടെ ശവശരീരങ്ങൾ കുറവാണു.അടിച്ചു വാരി തീർത്തപ്പോഴും ഉമ്മ അടുത്ത പണി തന്നു. തുടക്കലൊന്നുമല്ല. ഞാൻ തുടച്ചാൽ വൃത്തിയാവില്ല എന്നാണ് ഉമ്മയുടെ അഭിപ്രായം.സത്യം  പറഞ്ഞാൽ ഞാൻ നന്നായിട്ടു തുടക്കത്ത് മനഃപൂർവം ആണ്. ഇനി എങ്ങാനും നന്നയി തുടച്ചാൽ ഇനി അങ്ങോട്ട് അത് എന്റെ പണിയാകും. സ്കൂളൊന്നുമില്ല.വെറുതെ തട്ടി മുട്ടി നടക്കാമെന്നു വിചാരിച്ചാൽ പണി തീർന്നിട്ട് വേണ്ടേ.

ഇടക്കൊക്കെ വിചാരിക്കും ഈ പണികൾ എല്ലാം ചെയ്യാൻ ഒരു യന്ത്രം കണ്ടു പിടിച്ചാലോ എന്ന്. അപ്പോൾ എന്നോട് തന്നെ ഞാൻ പറയും എന്ത് കണ്ടു പിടിച്ചാലും എന്റെ പണികൾ ഞാൻ തന്നെ ചെയ്യേണ്ടി വരും.

അങ്ങനെ തിരുമ്പി ഉണക്കിയ തുണികൾ മടക്കി വൈക്കുമ്പോഴാണ് ഇനി എന്തോ എനിക്ക് കാര്യപ്പെട്ട ദിനമാണെന്നു എന്നോർത്ത് ഒരുപാട് ആലോചിച്ചു.പണിയൊക്കെ അവിടെ നിർത്തി വച്ച്. ഓർമ്മക്ക് എന്തോ കാര്യമായ തകരാറു പറ്റിയിട്ടുണ്ട്. ഉപ്പയോടും ഉമ്മയോടും ചോദിക്കാമെന്ന് വിചാരിച്ചു.പണികൾ തീർന്നു.അവരോടു ചോദിച്ചപ്പോൾ അവർക്കൊന്നും അറിയില്ലന്നേ പറഞ്ഞു. ആ എന്തെങ്കിലും ആവട്ടെ.  പണികൾ തീർന്നു.കുളി എങ്ങനെ ഒക്കെയോ തീർത്തു. ഭക്ഷണം  കഴിച്ചെന്നു

വരുത്തി ഇക്ക മണലിമുക്ക് മൈതാനത്തിൽ കളിയ്ക്കാൻ പോയി.ഉച്ച മയക്കത്തിൽ ഉമ്മ എന്നെയും നിർബന്ധിച്ച് കിടത്തി.
ഞാൻ കണ്ണ് തുറന്ന കിടപ്പാണ്. കിടക്കാനില്ലേ പറഞ്ഞുള്ളു . ഉറങ്ങാനൊന്നും ആരും ആവശ്യപ്പെട്ടില്ലല്ലോ. അപ്പൊ ആ അസ്വസ്ഥത വീണ്ടും ഇടയിൽ കയറി വന്നു.വീണ്ടും ആലോചനയിൽ മുഴുകി. ഇരുന്നും കിടന്നും നടന്നും ഒക്കെ ആലോചിച്ചു. തീരെ ഓർമ വന്നില്ല അവസാനം ഞാൻ ഓർത്തെടുക്കുന്ന മതിയാക്കി. എന്നും ഇങ്ങനെ സ്വസ്ഥത കെട്ടവളാകാൻ ഓരോന്ന് പൊട്ടി മുളച്ചോളും......
ഞാൻ ഒരു ക്യാൻവാസ് എടുത്തു.മനസ്സിൽ വിചാരിച്ചതൊന്നും ബ്രഷ് കൊണ്ട് ക്യാൻവാസിൽ പ്രകടിപ്പിക്കാൻ കഴിഞ്ഞില്ല. ആ ക്യാൻവാസ് ഞാൻ ആലംകോലമാക്കി അവിടെ ഇട്ടു. എന്തൊക്കിലും ഒന്ന് ചെയ്യാൻ മനസ്സ് സമ്മതിക്കേണ്ടേ. ഒരു ഡ്യൂപ്ലിക്കേറ്റ് മനസ്സ് എടുത്താലോ എന്ന് വരെ തോന്നിപ്പോയി എന്റെ സ്വാന്തന മനസ്സ് ആ കാര്യം തീർപ്പാക്കിയാലേ വേറെ എന്തിനും ഒരുങ്ങുകയുള്ളു. ഇത് വല്യ കഷ്ടാവും. തട്ടിമുട്ടി പകലിത കഴിയുന്നു. മനസ്സിനു വല്ലാത്ത ഭാരം. അത് ഓരോന്നു



ചിന്തിച്ച് കൂട്ടുകയാണ്. മതി നിർത്തു. മനുഷ്യൻ ആകെ കുഴഞ്ഞിരിക്കുന്നു. എന്നത്തേക്കാളും മുൻപ് തന്നെ ഞാൻ കിടക്കയിലേക്ക് പോയി.ഒരുപാട് നേരം ഉറക്കത്തെ ക്ഷണിച്ചുകൊണ്ട് കിടന്നു. മടി വിളിച്ചു,കൈകൊട്ടി വിളിച്ചു.പലതും താരമെന്നൊക്കെ പറഞ്ഞു. എന്നിട്ടും

എന്നെ മൈന്റെ ചെയ്യാതെ നിസായിട്ട  ഉറക്കം കടന്നു പോയി. അല്ലെങ്കിലും ആവശ്യനേരത്തു ഒന്ന് വരില്ലല്ലോ. ഞാൻ പിറുപിറുത്തു. കഷ്ടപ്പെട്ട് അടച്ച കണ്ണിനെ ചങ്ങലക്കിട്ടു. ഒരു ഓപ്പറേഷൻ തീ യറ്റെർ ആണ് കണ്ടത്. കുറെ സ്ത്രീകളെ പ്രസവ വേദന വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. ചിലർക്ക് കുഴപ്പം ഒന്നും ഇല്ല. നൈറ്റ് ഡ്യൂട്ടിയിലുള്ള നേഴ്സ് മാർ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. പെട്ടെന്ന് ഒരു സ്ത്രീയെ ഓപ്പറേഷൻ തീയറ്ററിലേക്കു കയറ്റി. ആ സ്ത്രീക്ക് എന്റെ ഉമ്മയുടെ അതെ രൂപം.അതെന്റെ ഉമ്മ തന്നെയാണ്. ഞാൻ ഉമ്മയുടെ അടുത്തേക്ക് ഓടി .പെട്ടെന്ന് ഒരു കുഞ്ഞു പൈതലിന്റെ കരച്ചിൽ n ഞാൻ കേട്ട്.ഞാൻ വേഗം കുഞ്ഞിന്റ്റെ അടുത്തേക്ക് ചെന്ന്. ഞാൻ അന്തംവിട്ട നിൽപ്പാണ്.ഇത്......ഇത് ...... ഞാനല്ലേ

ങേ ......എന്താ എനിക്ക് പറ്റിയത് ........ഓ ...സ്വപ്നം ആയിരുന്നു.പെട്ടന്നാണ് ഞാൻ ഒരു കാര്യം ഓർത്ത്ു .കലണ്ടർ എടുത്തു നോക്കി. ഏപ്രിൽ ഒന്ന്. ഇന്നെന്റെ പിറന്നാളാണ് .ഈ ഭൂമിയിൽ വിജയകരമായി പതിമൂന്നു കൊല്ലം പൂർത്തിയായിരുന്നു. ഓടി ഉമ്മനെയും ഉപ്പയെയും വിളിക്കാമെന്ന് വച്ച്.    പക്ഷെ അതിനു മനസ് വന്നില്ല. എന്തായാലും എന്റെ പതിമൂന്നാമത്തെ പിറന്നാൾ എന്നിൽ തന്നെ ഒതുങ്ങട്ടെ.ഞാൻ എനിക്ക് തന്നെ ആശംസകൾ നേർന്നു കിടന്നു.

നിധിൻ

# ബ്ലൂ വെയിൽ

നിറങ്ങളുടെ ഇരുട്ടിൽ
പതുങ്ങി ഇരുന്നൊരാൾ
അങ്ങേ യറ്റത്തേക്കുള്ള
എളുപ്പവഴി ഉണ്ടാക്കുന്നു.

സ്ലേറ്റിൽ നീന്തി തുടിച്ച
തിമിംഗലത്തിന്റെ കുഞ്ഞരിപ്പലിനു
മൂർച്ച കൂട്ടുന്നു




കടലിന്ന്
ആകാശത്തിനും
കനവിനും അപ്പുറം
സൂചികൊണ്ട്
നീലക്ക ചോര
മണമെന്ന
അർത്ഥമുണ്ടാക്കുന്നു

വഴിയിലൂടെ നടക്കാൻ
തുടങ്ങുന്ന
ഒറ്റ നക്ഷത്രങ്ങൾ
ഇല്ലാത്ത നിലാവ് തേടി പോകുന്നു.

ആകെ നീലിച്ച
അലറി വിളിക്കുന്ന
പിന്നെ എരിഞ്ഞുമ അടങ്ങുന്നു.

അരുതുകളിൽ പിറക്കുന്ന
ഒറ്റ നക്ഷത്രങ്ങളിലേക്കു
പിന്നെയും നീല പടരുന്നു.

ആദിത്ത്

# കൂട്ടിലിട്ട തത്ത

ഞാൻ ഇപ്പൊ തുരുമ്പെടുത്തിരിക്കുന്ന കൂട്ടിലിട്ട തത്ത
മൂഡിന് ട്രിപ്പിന് പോകാം ഇണ്ണ്ലബത്തുത്ത
ജോലിയൊന്നും ആയില്ലെന്നു ചൊല്ലി എന്റെ അച്ഛനെന്നും പ്രാക്കാ
കുടുംബത്തിലുള്ളവർ പറയും ഇവന്റെ കാര്യം പോക്കാ ...
എന്റെ ഭാവി പറഞ്ഞന്റെ ഡാഡി മമ്മിയോടാണും പിണക്കാ
പരിചയക്കാരുടെ  കാര്യവും മാറ്റമില്ല കണക്കാ
വഴിയെ പോയവർ എന്റെ തലയ്ക്കിട്ടു കൊട്ടി നോക്കി പറയാ
ഫാൻ ഫൈറ്റ് ക്ലബ്ബിലെ പുള്ളർ വര അറയ്ക്കുന്ന തെറിയാ
സങ്കടം നെഞ്ചിൽ കടലിൽ അത്രയാ
ഞാൻ കൂട്ടിലിട്ട തത്ത
ചുറ്റും അഴികൾ ഞാൻ പെട്ടുപോയി അല്ലടാ
തുരുംബെടുത്ത ഒരു കൂട്ടിലിട്ട തത്ത
എന്തിനെന്ന നോവിക്കുന്നുമോനേ നിനക്കനത്തിന്റ അസുകാ

# സപര്യ



എന്നപോലെ തിളങ്ങില്ല പ്രപഞ്ചത്തിൽ ഒരു സൂപനവേ
ശരീരം ഒന്നനങ്ങു
ദൈവത്തെ കൈവണങ്ങു
ഫുഡ് എടുത്തു മുന്നിൽവച്ചാൽ നീയം പറഞ്ഞു മുടങ്ങു
എനിക്കില്ല വാങ് ഞാൻ കുടിക്കില്ലവാങ്ങു
ചിരിച്ചവർ മുന്നിൽ നൽകി താങ്ങു
അന്ന് സ്വപ്ന ലക്കുകൾ
അറം പറ്റ  വാക്കുകൾ
കരുണയില്ല വാക്കുകൾ
ബന്ധുക്കൾ ശത്രുക്കൾ
ഞാൻ തുരുംബെടുത്ത കൂട്ടിലിട്ട തത്ത

അമൽ

# അസ്തമയ സൂര്യൻ

കടലിന്റെ ഓളപ്പരപ്പിൽ അവൻ കടലിലേക്ക് നോക്കി. മധ്യ സായാഹ്ന സൂര്യന്റെ ചുവപ്പു പട്ടു കൊണ്ട്മൂടിയിരിക്കുന്ന കടലിലേക്ക് അവൻ നോക്കി. "മനു"എന്ന വിളി കേട്ട് അവൻ തിരിഞ്ഞു നോക്കി.

രാഘവേട്ടൻ "മനു നാളത്തെ പി.എസ്.സി.പരീക്ഷയിൽ നീ തോറ്റാൽ എനിക്കതു ഓർക്കാൻ വയ്യ "

രാഘവേട്ടൻ പോയി. മനു അവന്റെ അച്ഛന്റെ മരണത്തിനു ശേഷം അവൻ അനാഥനായി

എന്തിനും താങ്ങായി കപ്പലണ്ടിക്കാരനായ രാഘവേട്ടൻ ഉണ്ടായിരുന്നു.

മനു നാളത്തെ പി.എസ്.സി.തോറ്റാൽ കടക്കാരുടെ ശാപ വാക്കുകൾ കേൾക്കേണ്ടി വരും . അതിനെക്കാലും

നല്ലതു മരണമാണ്. പക്ഷെ അമ്മയെ ആര് നോക്കും. അമ്മയെ



ആരെങ്കിലും നോക്കും. മനു എഴുന്നേറ്റു
പാന്റിലെ മണൽ തട്ടി കളഞ്ഞു. അപ്പോൾ അവനെ ഒരു തണുത്ത ഇളം കാറ്റ് തഴുകി.

അവന്റെ ആ തീരുമാനം ഉറച്ചതായിരുന്നു. അവൻ നടന്നകന്നു. കടലിന്റെ ആഴങ്ങളിലേക്ക്.

അന്നുരാത്രി അവന്റെ അമ്മ അവനെ കാത്തിരുന്ന്. ആ ചിമ്മിനി വെളിച്ചത്തിൽ അമ്മ അവനെ
കാത്തിരുന്നു. പിറ്റേന്ന് തെരുവോരങ്ങളിൽ ഒരു പയ്യൻ വിളിച്ചു പറഞ്ഞു "പി.എസ്.സി.പരീക്ഷയിൽ
`ഫുൾ മാർക്ക് കിട്ടിയെ" ..." മാമി മനു എവിടാ ?" "മോനെ മനുവിനെക്കാണാനില്ല." രാഘവേട്ടൻ
വിഷമത്തോടെ പറഞ്ഞു അവിടെ ആ കാര്യം സംസാരവിഷയം ആയി
രണ്ടുദിനസങ്ങൾക്കുശേഷം അവന്റെ 'അമ്മ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുന്നു. പോലീസ്
അവനു വേണ്ടി തിരച്ചിൽ തുടങ്ങി.കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ലഭിച്ച വിവരം അവന്റെ
മരണ വാർത്തയാണ്,അവന്റെ അമ്മ നെഞ്ച് പൊട്ടി അലറി വിളിച്ചുകൊണ്ട് കരയുന്നു .

"ഒറ്റ നിമിഷം കൊണ്ട് നിങ്ങൾ എടുക്കുന്ന തീരുമാനം നിങ്ങളുടെ ജീവിതം
മരണത്തിലേക്കു നയിക്കും .

ആകാശ്

# പഴഞ്ചൊല്ലുകളും ശൈലികളും

- .എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം
- .ഉപ്പുതിന്നവൻ വെള്ളം കുടിക്കും
- .എടുത്തിട്ടാലും പൂച്ച നാലുകാലിൽ
- .ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും
- .ഒത്തുപിടിച്ചാൽ മലയും പോരും
- .കാക്കകുളിച്ചാൽ കൊക്കാകുമോ
- .കുന്തം പോയാൽ കുടത്തിൽ തപ്പണം
- .ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
- .തുടക്കം നന്നായൽ മുടക്കം വരില്ല
- .ക്രുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും
- .സൂക്ഷിച്ചാൽ ദുഖിക്കേണ്ട
- .അറിവാണ് ശക്തി

- 
- .അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കില്ല
- 
- .അതിപരിചയം നിന്ദയ്ക്ക് കാരണം
- 
- .ആവശ്യം സൃഷ്ടിയുടെ മാതാവ്
- 
- .ആപത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്

അഭിജിത്ത്

# ജാലകം തുറക്കുമ്പോൾ



ഉരുകുന്ന കരളുമായി നിറയുന്ന മിഴിയുമായി
ഇരുളിന്റെ ഇടനാഴി മെല്ലെ നീങ്ങേ
കാലത്തിന്റെ കോമരം തുള്ളി തകർത്തൊരീ
പെൺജന്മം ആരെയോ ഓർത്തിടുന്നു
ഒരുപാട് സ്വപ്നവും ഒരുപാട് മോഹവും
ഉയരങ്ങൾ നേടണം എന്ന ആശയും
പെട്ടെന്ന് പൊട്ടി തകർന്നൊരു യൗവനം
ദുഃഖങ്ങൾ തന്നൊരീ ദുസമൂഹം
കാലത്തിനിങ്ങനെ ക്രൂരമായി കീറാനും
തട്ടി ഉണ്ടാക്കാനും പെൺജീവിതം

## സപര്യ

താലിയും മാലയും കല്യാണ സ്വപ്നവു
സീമന്ത രേഖയിൽ സിന്ദൂരവും
എല്ലാം ഇന്നവൾക്കു ഓർമയായി
ജീവിതം സൂന്യമായുള്ളര് ചിന്ത മാത്രം
മംഗല്യമോ നടക്കുമ്പോൾ പിന്നവൾ
ഭർത്താവിനും അടുക്കളക്കും അടിമ
പുക കൊണ്ട് നിറയുന്ന നാല് ചുമരും
പിന്നെ കരയുന്ന കണ്ണുകളിൽ ദീനഭാവം
സ്ത്രീ ഇന്ന് എല്ലാവര്ക്കും ഒരു കളിപ്പാട്ടമോ
അതോ ഉപയോഗ സൂന്യമാം മൺപ്രതിമയോ
നാടിന്റെ വീടിന്റെ ദുഃഖം സഹിക്കാനും
ലോകത്തിന് പീഡനം ഏറ്റുവാങ്ങാനും
അഞ്ചോ അമ്പതോ ഭേദമില്ലപ്പോൾ
തൊണ്ണൂറിൽ എത്തിയാൽ സാരമില്ല ....
സ്വപ്നമില്ല സ്വാന്തന ലോകമില്ല
ഇടറുന്ന കൈകൾ കൊണ്ട്
ഇരുളിന്റെ ജാലകം തള്ളി തുറന്നവൾ എത്തി നോക്കി
കുറുകുന്ന പൈങ്കിളി സുഖമുള്ള മാരുതൻ
മുന്നിൽ പുതിയൊരു പൊൻപ്രഭാതം
അഴകുള്ള കിരണങ്ങൾ അവൾക്കു മാത്രമായി ..

**ഹസ്ബിൻ**

# സെൽഫി

പകൽ മൊബൈലിന്റെ
വിളി കേട്ടാണ് അവൾ ഉണർന്നത്
പതിവുപോലെ കൂട്ടുകാരുമായുള്ള
സവാരിക്കു അവൾ പുറപ്പെട്ടു
കുറച്ചു നാളായി അച്ഛൻ
അസുഖത്തിന്റെ പിടിയിലാണ്
മകൾക്കു അച്ഛനെക്കാൾ പ്രധാനം
ഫേസ്ബുക്കും വാട്ട്സ്ആപ്പും തന്നെ.
അതിൽ അലിഞ്ഞു ചേരുമ്പോൾ
ചുറ്റുപാടുകൾ എന്താണെന്നു അവൾ അറിഞ്ഞില്ല
ത്രിസന്ധ്യയിൽ വീട്ടിൽ എത്തിയപ്പോൾ
അച്ഛൻ അന്ത്യശ്വാസം വലിച്ചു
കഴിഞ്ഞിരുന്നു
അമ്മയുടെ ആർത്തലച്ചു നിലവിളി
അവളുടെ കാതുകളിൽ മുഴങ്ങി
മകൾ അച്ഛന്റെ മരണ ശയ്യയിലേക്കു
കമിഴ്ന്നു വീണു കരഞ്ഞു.
പിന്നെയൊരു വെളിപാട് പോലെ ചാടി
എണീറ്റ്
അച്ഛനോടൊപ്പമുള്ള സെൽഫി എടുത്തു
ഫേസ്ബുക്കും വാട്ട്സ്ആപ്പും ഇവയിൽ
ഇട്ടു
ലൈക്ക്കൾക്ക് വേണ്ടി കാത്തിരുന്നു.



മജേഷ്

# ഹൃദയപൂർവം

ഒരു നാളെങ്ങോ കണ്ടുമുട്ടി നാം
മനസ്സിൽ  എരിയുന്ന നൊമ്പരത്തിൽ
കുളിർമഴ പെയ്യിച്ച സൗഹൃദം നമ്മിൽ
ഇണക്കവും പിണക്കവും നമ്മിൽ ഒരുമിച്ചപ്പോൾ
നാം വളർത്തിയ സ്നേഹാനുഭൂതി
അതിനു പേര് സൗഹൃദമെന്നോ
കലാലയത്തിന് മതിലകത്തു നാം
നാട്ടു വളർത്തിയ സൗഹൃദ പൂമരം
ഇന്നൊരീ  മഴയിൽ തളിർക്കവേ ഞാനറിയുന്നു
നാളയുടെ വിരഹ ദുഃഖം
അറിയാമെനിക്കിന്നും നാളെയെവിടെയോ
വച്ച് വഴിപിരിഞ്ഞു ഒഴുകേണ്ട പുഴകൾ നമ്മൾ
അകലെ എവിടെയോ ഒഴുകി അലയേണ്ടവർ
ജീവിതനൗക തുഴഞ്ഞു പോകേണ്ടവർ
കാലമെന്ന കാഥികൻ പുതിയ കഥഎഴുതുമ്പോൾ
ചിതലരിക്കുന്ന ഓര്മക്കുറിപ്പുകളിൽ
ഉറങ്ങുന്ന സൗഹൃദവും ഒളിക്കുന്ന സ്മരണയും



പൊടിതട്ടിഎടുക്കുവാൻ  സമയം ഉണ്ടാകില്ല
പൂത്തുലയുന്ന വിദ്യാലയത്തിൽ നിന്നും
ഇതളറ്റ് വീഴുന്ന പൂക്കൾ നമ്മൾ
നാളയുടെ വിരഹം വിധിയെഴുതീ  തീർപ്പു
മായ്ക്കുവാൻ ആവില്ല മായുകയുമില്ല
പിരിയണം നാം പല വഴികളിലായി നാളെ
കാലം ഗതി മാറുന്ന സന്ധ്യയിൽ
വാക്കുകൾ നിലക്കുന്നു എൻ ആവനാഴിയിൽ
ഇന്ന് നാം പിരിയുന്ന വേളയിൽ ചാർത്ത് പോയതെൻ
മാനസ വീണയുടെ നാദം നിലച്ചുപോയി ഇന്നുരാവിൽ
പുതിയ ജീവിതം വീണ്ടും തളിക്കുമ്പോൾ ഓർക്കുവാൻ
എന്ത് നല്കണമെന്നറിവില്ല  എന്നാകിലും
കുറിക്കുന്നത് ഇത്രമാത്രം
കാലങ്ങൾ നാളെ പോയി മറിഞ്ഞീടിലും
ഓർമ്മക്കുറിപ്പുകൾ ചിതലരിചീടിലും

സൗഹൃദചിത്രങ്ങൾ മായാതിരിക്കട്ടെ
മായില്ലൊരിക്കലും മറയില്ല നാളെ
നമ്മെ നാം ആക്കിയ സൗഹൃദങ്ങൾ
വീണ്ടുമുമൊരു കാലം കണ്ടുമുട്ടും നമ്മൾ
ഒന്നായിട്ടും തമ്മിലലിഞ്ഞു ചേരും
കാത്തിരിക്കാം നാളെ കണ്ടുമുട്ടും വരെ
ഓർത്തിരിക്കാൻ ഈ നല്ല നേരങ്ങളെ.

ആദർഷ്

# മലയാള ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ

നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ

സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂബിന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്.

കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം,

അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

3 ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ച കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

അലൻ

# മഴ നനഞ്ഞൊരെൻ ബാല്യം



പൂക്കാത്ത മാവെന്ന ശാപമേറി നിന്ന
മാവ് മൂത്തശ്ശി പെട്ടെന്നൊരു നാളിപ്പോൾ
തേനൂറും മധുരമാം പഴങ്ങൾ നൽകേ
തന്നോർമകളെല്ലാം അരിച്ചു പെറുക്കീട്ടും
ഇവ്വിധമെപ്പോഴും നടന്നതില്ലെന്ന
അത്ഭുതം കൂറി നങ്ങേലിയമ്മ

**-ദേവനന്ദൻ**